# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1627 | | | 05.02.2019-ൽ മറുപടിയ്ക്ക് |
|---|---|---|---|
| ബ്രഹ്മപുരം അത്യാധുനിക മാലിന്യ സംസ്കരണ പ്ലാന്റ് | | | |
| ചോദ്യം | | | ഉത്തരം |
| ശ്രീ.വി.പി.സജീന്ദ്രൻ | | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി |
| (എ) | ബ്രഹ്മപുരം അത്യാധുനിക മാലിന്യ സംസ്കരണ പ്ലാന്റ് നിർമാണത്തിനുള്ള കരാർ ഒപ്പിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും നിർമാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്ലാന്റ് നിർമിക്കുന്നതിന് സാങ്കേതിക തടസം നിലനിൽക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. ബ്രഹ്മപുരത്ത് അത്യാധുനിക ഖരമാലിന്യ പ്ലാന്റ് നിർമ്മിക്കുന്നതിന് വേണ്ട എൻവയോൺമെന്റൽ ക്ലിയറൻസ്, ബിൽഡിംഗ് പെർമിറ്റ് എന്നിവ ഒഴികെ, മറ്റെല്ലാ അനുമതികളും ലഭ്യമായിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്. മറ്റ് സാങ്കേതിക തടസ്സങ്ങൾ ഒന്നും നിലവിലില്ല. |
| (ബി) | പ്ലാന്റ് നിർമ്മാണത്തിന് പരിസ്ഥിതി അനുമതി ലഭിച്ചിട്ടുണ്ടോ; | (ബി) | പരിസ്ഥിതി അനുമതി ലഭിച്ചിട്ടില്ല |
| (സി) | കൊച്ചി നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമി ബ്രഹ്മപുരം അത്യാധുനിക മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണ കമ്പനിക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | കൊച്ചിയിലെ ബ്രഹ്മപുരത്ത് വേസ്റ്റ്-ടു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി നിർമ്മാണ കമ്പനിക്ക് (M/s ജി.ജെ.ഇക്കോ പവർ പ്രൈവറ്റ് ലിമിറ്റഡ്) കൊച്ചി കോർപ്പറേഷൻ 20 ഏക്കർ ഭൂമി കൈമാറി നൽകിയിട്ടുണ്ട്. ഈ ഭൂമിയിൽ നിന്നും ജലസംരക്ഷണവുമായി ബന്ധപ്പെട്ട് മാറ്റിവയ്ക്കേണ്ട 1.3 ഏക്കർ ഭൂമിക്കും വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്കിന് തടസ്സം വരാതിരിക്കുന്നതിനായി മാറ്റി വയ്ക്കേണ്ട 2.36 ഏക്കർ ഭൂമിക്കും പകരമായി 3.44 ഏക്കർ ഭൂമി കൂടി പ്രസ്തുത കമ്പനിക്ക് കൈമാറുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ